LIBRARY ARCHIVES Kerala Legislative Assembly

മിൽമയുടെ പാൽ സംഭരണം

*9 [67] ശ്രീ. ബി. വിജയകുമാർ:
ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. എം. മുരളി:
,, കെ. മോഹൻകുമാർ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ നിന്നും മിൽമ പാൽ സംഭരണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതിദിനം എത്ര ലിറ്റർ പാൽ ഇത്തരത്തിൽ സംഭരിക്കുന്നുണ്ട്;

(ബി) മിൽമ നേരിട്ടാണോ ഏജൻസികൾ വഴിയാണോ ഇപ്രകാരം പാൽ സംഭരിക്കുന്നത്;

(സി) തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന പാൽ എന്തു വിലയ്ക്കാണ് മിൽമ വാങ്ങുന്നത്;

(ഡി) തമിഴ്നാട്ടിൽ നിന്നും വാങ്ങുന്ന പാൽ ആവശ്യമായ പരിശോധനയ്ക്ക് ശേഷമാണോ മിൽമ എടുക്കുന്നത്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ ആന്റ് ബി) തമിഴ്നാട്ടിൽ നിന്നും മിൽമ നേരിട്ടോ, ഏജൻസി വഴിയോ പാൽ സംഭരിക്കുന്നില്ല. തമിഴ്നാട് സഹകരണ ഡയറി ഫെഡറേഷൻ (ആവിൻ) സംഭരിച്ച് ശീതീകരിച്ച പാൽ ആണ് മിൽമ നേരിട്ട് വാങ്ങുന്നത്. ഇത്തരത്തിൽ പ്രതിദിനം ഒന്നര ലക്ഷത്തോളം ലിറ്റർ പാൽ തമിഴ്നാട്ടിൽ നിന്നും സംഭരിക്കുന്നുണ്ട്. ഇതിനുംപുറമേ രണ്ടായിരം ടണ്ണോളം പാൽപ്പൊടിയും അയൽ സംസ്ഥാനങ്ങളായ തമിഴ്നാട്. കർണ്ണാടക എന്നിവടങ്ങളിൽ നിന്നും വാങ്ങുന്നുണ്ട്. കർണ്ണാടകയിൽ നിന്നും അരലക്ഷം ലിറ്റർ പാലും ദിനംപ്രതി വാങ്ങുന്നുണ്ട്.

(സി) കിലോഗ്രാം ടോട്ടൽ സോളിഡിന് വില 82 രൂപ ആണ്. ശരാശരി ഗുണനിലവാരമുള്ള പാലിന്റെ വില ലിറ്ററിന് 10 രൂപ 14 പൈസയാണ്. ഇതിനു പുറമേ ട്രാൻസ്പോർട്ടേഷൻ ചാർജ് മിൽമ നൽകേണ്ടതുണ്ട്.

(ഡി) പാൽ വാങ്ങുന്ന ഡയറികളിൽ പോയി മിൽമയുടെ പാൽ ഗുണനിലവാര പരിശോധകർ പരിശോധിക്കുന്നുണ്ട്. ഇതിനുപുറമേ മിൽമയുടെ ഡയറികളിൽ എത്തുന്ന പാൽ കർശന പരിശോധനകൾക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്.